പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 775** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പുനലൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. അജയപ്രസാദ്

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** പുനലൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിലെ ഏതെല്ലാം പട്ടികജാതി നഗറുകളിൽ നാളിതുവരെ അബേദ്കർ ഗ്രാമം പദ്ധതി അനുവദിച്ചിട്ടുണ്ടെന്നും ആയത് പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിലെ ഏതെല്ലാം പട്ടിക ജാതി നഗറുകളിൽ നടന്ന വരുന്ന എന്നും അറിയിക്കുമോ;

**<u>മറുപടി:</u>** പുനലൂർ നിയോജക മണ്ഡലത്തിൽ നാളിതുവരെ 8 നഗറുകളിൽ അംബേദ്ക്കർ ഗ്രാമ വികസന പദ്ധതി അനുവദിച്ചിട്ടുണ്ട്. ആയതിൽ 5 നഗറുകളിൽ പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 3 നഗറുകളിൽ പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** പുനലൂർ മണ്ഡലത്തിൽ അബേദ്കർ ഗ്രാമം പദ്ധതി പ്രകാരം പട്ടിക ജാതി നഗറുകളിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി പട്ടിക ജാതി നഗറുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ?

**<u>മറുപടി:</u>** ഏരൂർ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട ഇലവുംകുന്ന് ഒലിയരുക്ക് നഗർ, തെന്മല ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഓലപ്പാറ നഗർ എന്നീ നഗറുകളിൽ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ പുരോഗമിച്ച വരുന്നു. നടുകുന്നിൻപുറം നഗർ estimate നു ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

<u>അനുബന്ധം</u>

| **ക്രമ നം.** | **നഗറിന്റെ പേര്** | **പഞ്ചായത്ത്** | **നിലവിലെ സ്ഥിതി** |
|---|---|---|---|
| 1 | നിലമേൽ നഗർ | കരുവാളൂർ | പൂർത്തീകരിച്ചു |
| 2 | മുഴതാങ്ങ് നഗർ | ഏരൂർ | പൂർത്തീകരിച്ചു |
| 3 | പാണയം IHDP നഗർ | ഏരൂർ | പൂർത്തീകരിച്ചു |
| 4 | മഠത്തിൽക്കോണം നഗർ | കുളത്തൂപ്പുഴ | പൂർത്തീകരിച്ചു |
| 5 | കൊമ്പേറ്റിമല നഗർ | ഇടമുളയ്ക്കൽ | പൂർത്തീകരിച്ചു |
| 6 | ഇലവുംകുന്ന് ഒലിയരുക്ക് നഗർ | ഏരൂർ | പദ്ധതി പ്രകാരമുള്ള 60% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. വർക്ക് നടന്നുകൊണ്ടിരിക്കുന്നു. |
| 7 | ഓലപ്പാറ നഗർ | തെന്മല | പദ്ധതി പ്രകാരമുള്ള 70% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. വർക്ക് നടന്നു കൊണ്ടിരിക്കുന്നു. |
| 8 | നടുകുന്നിൻപുറം നഗർ | ഏരൂർ | എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ആയതിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |